



11 ജൂലായ്, 2014

# ജ്ഞാനാഞ്ജലി

## പരിധിയില്ലാത്ത വൈരാഗ്യം

*അവ്യക്ത ബാപ്ദാദ*

സ്വയം രാജർഷിയായി മനസ്സിലാക്കുന്നുവോ? ഒരു ഭാഗത്ത് രാജ്യം, മറുഭാഗത്ത് ഋഷി. രണ്ടിന്റെയും ലക്ഷണങ്ങൾ വ്യത്യസ്തങ്ങളാണ്. ഒന്നാണ് ഭാഗ്യം. മറ്റൊന്ന് ത്യാഗം. ഒന്ന് സർവ്വ അധികാരി. മറ്റേത് ഋഷി, അതായത് പരിധിയില്ലാത്ത വൈരാഗി. സർവ്വഅധികാരിയും പരിധിയില്ലാത്ത വൈരാഗിയും. ഒന്ന് സർവ്വതിന്റെയും പ്രിയം. മറ്റേത് സർവ്വതിൽ നിന്നും വേറിട്ടത്. രണ്ടിന്റെയും ലക്ഷണം, വാക്കിലും കർമ്മത്തിലും സദാ ഒരുമിച്ച് കാണപ്പെടുന്നു. വർത്തമാന സ്വരാജ്യം, അതായത് സ്വാത്മാവിന് ഈ സർവ്വ കർമ്മേന്ദ്രിയങ്ങളുടെയും മേൽ രാജ്യം. ഇതിനെയാണ് സ്വരാജ്യം എന്ന് പറയുന്നത്. അറ്റേത് ഭാവിയിലേത്. ഡബിൾ രാജ്യാധികളാണോ? ഡബിൾ രാജ്യത്തിന്റെ ലഹരി സദാ നിലനിൽക്കുന്നുവോ? എത്രത്തോളം രാജ്യത്തിന്റെ ലഹരി, അത്രയും പരിധിയില്ലാത്ത വൈരാഗ്യം. അതായത് ഋഷിയും രണ്ടിന്റെയും സന്തുലനമുണ്ടോ? അതോ ഇപ്പോഴും ഈ പഴയ ദേഹവും ലോകവും അതിന്റെ നേർക്ക് ആകർഷിക്കുന്നുവോ? ഇത് ശ്മശാനമായി അനുഭവപ്പെടുന്നുണ്ടോ? എല്ലാം അബോധാവസ്ഥയിലായ ആത്മാക്കളായി കാണപ്പെടുന്നുവോ, അതോ പറയുന്നതുമാത്രമാണോ? ഇവയെല്ലാം മരിച്ചുകഴി ഞ്ഞു, അതായത് ശ്മശാനമാണെന്ന അനുഭവം ഉണ്ടാകത്തതുവരെയും പരിധിയില്ലാത്ത വൈരാഗിയാകുവാൻ കഴിയില്ല. ഇന്നത്തെ ലോകത്തിലും പരിധിയുള്ള വൈരാഗികൾ കാട്ടിലോ ശ്മശാനത്തിലോ പോകുന്നു. അതിനാലാണ് ശ്മശാനവൈരാഗ്യം എന്ന് പാടപ്പെട്ടിട്ടുള്ളത്. അതുപോലെയുള്ള അനുഭവം ഉണ്ടാകുന്നില്ലെങ്കിൽ സദാ കാലത്തെ പരിധിയില്ലാത്ത വൈരാഗ്യത്തിന്റെ അനുഭവം എങ്ങനെയുണ്ടാകും ?

പരിധിയില്ലാത്ത വിശാലരൂപത്തിലുള്ള സേവനം തീവ്രരൂപത്തിൽ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നു, അത്രയും തന്നെ പരിധിയില്ലാത്ത ഉപരാമവൃത്തിയും തീവ്രമാകണം. താങ്കളുടെ പരിധിയില്ലാത്ത ഉപരാമവൃത്തി അഥവാ വൈരാഗ്യവൃത്തി വിശ്വത്തിലെ ആത്മാക്കൾക്ക് അല്പകാലത്തേയ്ക്ക് തങ്ങളുടെ സുഖത്തോട് വൈരാഗ്യം (വിരക്തി) ഉത്പന്നമാക്കും. അപ്പോഴാണ് വൈരാഗ്യത്തിനു ശേഷം സമാപ്തിയുണ്ടാകുക. സ്വയംതന്നോട് ചോദിക്കൂ- എന്റെയുള്ളിൽ വൈരാഗ്യവൃത്തിയുണ്ടോ? ചെയ്യുമ്പോഴും അകർത്താവ്, സംബന്ധ-സമ്പർക്കത്തിലിരിക്കുമ്പോഴും കർമ്മാതീതം. ഇങ്ങനെയുള്ള സ്ഥിതി നിലനിൽക്കുന്നുവോ? ഒരു ചായ്‌വും ഉണ്ടാകരുത്. സേവനത്തോടുപോലും ചായ്‌വ് വരരുത്, എന്നാൽ നിമിത്ത ഭാവത്തോടെയാകണം. ഇതിലൂടെയാണ് കർമ്മാതീതമാകുന്നത്. ഇപ്പോൾ തന്റെ കാര്യങ്ങളെ ഒതുക്കുവാൻ ആരംഭിക്കൂ. ഇപ്പോൾ മുതൽ ഒതുക്കുവാൻ തുടങ്ങുമ്പോഴാണ് വേഗത്തിൽ സമ്പന്നമാകുവാൻ കഴിയുക. ഒതുക്കുന്നതിനും സമയമെടുക്കും.

**വിശ്വമഹാരാജാവ് ആകുന്നതിന്.....................**

വിശ്വമഹാരാജാവാകുന്നതിന് മൂന്നു അവസ്ഥകൾ മറികടക്കേണ്ടി വരും.
ഒന്ന് - ഒരു സെക്കന്റിൽ പരിധിയില്ലാത്ത ത്യാഗി. ചിന്തിച്ച് സമയം കളയുന്നവരല്ല, ക്ഷണത്തിൽ ബാബയിൽ അർപ്പണമാകുന്നവർ.
രണ്ടാമതായി നിരന്തരം അക്ഷീണ സേവാധാരി.
മൂന്നാമതായി സദാ പരിധിയില്ലാത്ത വൈരാഗ്യവൃത്തിയുള്ളവർ.



# മഹാരഥികളുടെ മഹാവാക്യങ്ങൾ



## ദാദി പ്രകാശ്മണി

ബാബ ദിവസവും മുരളിയിൽ സൂചനതരുന്നു- കുട്ടികളേ, സദാ ഓർമ്മയുടെ യാത്ര, അശരീരിയാകുന്നത് അഭ്യസിക്കൂ. നമ്മളേവരും സേവനത്തിന് നിമിത്തമാണ്. എല്ലാവരും അവരവരുടെ കർമ്മങ്ങളിൽ വ്യാപൃതരാണ്. എന്നാൽ ഡ്രാമയനുസരിച്ച് ഇങ്ങനെയും ഒരു ഉപാധി തയ്യാറാക്കപ്പെട്ടിരിക്കുന്നു- അല്പം ഒഴിവു ലഭിക്കുമ്പോൾ വിശേഷിച്ച് സർവ്വർക്കും ശാന്തി ദാനം ചെയ്യുന്നതിന്റെ വിശേഷ സേവനം ചെയ്യൂ. നിങ്ങൾ സർവ്വർക്കും ശാന്തി ദാനം ചെയ്യുന്നതിന്റെ വിശേഷ സേവനം ചെയ്യൂ എന്ന് ബാബയുടെ സൂചനമുരളികളിൽ വന്നുകൊണ്ടിരിക്കുന്നു. ഈ സൈലൻസിലിരിക്കുന്നതും വിശ്വത്തിന് ശാന്തിയും സുഖവും ദാനം ചെയ്യലാണ്. വിശ്വത്തിലെ എല്ലാവരും ഉള്ളിൽ നിന്നും ശാന്തി ആഗ്രഹിക്കുന്നു. എന്നാൽ അശാന്തിയും തീവ്രവാദവുമെല്ലാം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള സമയം നാം എന്തു ചെയ്യണം? ബാബയുടെ ഓർമ്മയിലിരുന്ന് സർവ്വർക്കും ശാന്തി ദാനം ചെയ്യണം. ആത്മാവ് വാസ്തവത്തിൽ ശാന്തസ്വരൂപമാണ്. എന്നാൽ എല്ലാവരെയും രാവണൻ ദുഃഖിതരും അശാന്തരുമാക്കി. സമയചക്രം അങ്ങനെയാണ്. എത്ര ദുഃഖമാണ്, എത്ര അശാന്തിയാണ്, എത്ര വിവശതയാണ്. ഓരോരുത്തർക്കും പല തരത്തിലുള്ള വൈഷമ്യങ്ങളാണ്. നമ്മളെ ബാബ എല്ലാ വൈഷമ്യങ്ങളിൽ നിന്നും മുക്തമാക്കി വച്ചിരിക്കുന്നു. നമുക്ക് മുക്തിയുടെയും ജീവൻമുക്തിയുടെയും മാർഗ്ഗം അറിയാം. അതിനാൽ നമ്മൾ സർവ്വ കർമ്മബന്ധനങ്ങളിൽ നിന്നും മുക്തമായിരുന്ന്, സുഖത്തിന്റെ ആഹ്ലാദത്തിലിരിക്കുന്ന, ജീവൻമുക്തിയുടെ രസമെടുക്കുന്നു.

## ദാദി ഹൃദയമോഹിനി

അന്തർവാഹക ശരീരത്തെക്കുറിച്ച് – "എവിടെ ആവശ്യകതയുണ്ടാകുമായിരുന്നുവോ, അവിടെ അന്തർവാഹക ശരീരത്തിലൂടെ എത്തിച്ചേർന്നിരുന്നു" എന്ന വർണ്ണന ഭക്തിമാർഗ്ഗത്തിലുമുണ്ട്- എന്നാൽ വാസ്തവത്തിൽ ഇത് നമ്മുടെ തന്നെ വർണ്ണനയാണ്. നമുക്ക് അന്തർവാഹക ശരീരത്തിലൂടെ എവിടെ ആഗ്രഹിക്കുന്നുവോ, എവിടെ ആവശ്യമുണ്ടോ? അവിടെ സേവനാർത്ഥം എത്തിച്ചേരുവാൻ കഴിയും. അന്തർവാഹക ശരീരമെന്നാൽ, അന്തിമത്തിൽ നമുടെ സമ്പൂർണ്ണ സ്വരൂപമുണ്ടാകും, അതിലൂടെ സ്വതവേ സേവനം നടക്കും. ഇപ്പോൾ ഓരോരുത്തരുടേതും പുരുഷാർത്ഥീസ്വരൂപമാണ്. എന്നാൽ അന്തിമത്തിൽ പുരുഷാർത്ഥമനുസരിച്ച് നമ്പർവാർ എല്ലാവരും സമ്പൂർണ്ണമാകുക തന്നെ ചെയ്യും. അതിനാൽ അന്തർവാഹക ശരീരം അതായത് സമ്പൂർണ്ണ സ്ഥിതിയിൽ നമ്മൾ എത്തിച്ചേരുമ്പോൾ നമ്മുടെ ഫരിശ്താരൂപം ഉണ്ടാകുന്നു. ഫരിശ്തയെന്നാൽ ആർക്കാണോ പഴയ ലോകത്തോടും, പഴയ സംസ്കാരങ്ങളോടും, പഴയ ബന്ധങ്ങളോടും ബന്ധമില്ലാത്തത്. ഇതാണ് നമ്മുടെ അന്തർവാഹക ശരീരം. വാഹക് എന്ന വാക്കിന് ഒന്നാമതായി, വാഹനമെന്നും, . രണ്ടാമതായി, വാഹനത്തെ ചലിപ്പിക്കുന്നവൻ എന്നും അർത്ഥം. അതിനാൽ അന്തർവാഹക ശരീരമെന്നാൽ ആ സമയത്തെ നമ്മുടെ സ്ഥിതി ഇങ്ങനെയായിരിക്കും- കർമ്മേന്ദ്രിയങ്ങളെ നടത്തിക്കുന്ന ഞാൻ വാഹകൻ, ആത്മാവാണ്. ആ സ്വരൂപത്തിൽ സ്ഥിതി ചെയ്യും. അതിനെയാണ് അന്തർവാഹക ശരീരമെന്ന് പറയുന്നത്. അത് നമ്മുടെ ഫരിശ്താരൂപം തന്നെയായിരിക്കും.

## ദാദി ജാനകി

ബാബ പറയുന്നു- യോഗം നന്നായി ചെയ്യൂ, തന്റെ ലക്ഷ്യം മുന്നിൽ വയ്ക്കൂ, ദുഃഖം നേടിയിരുന്നതിനെ ഇല്ലാതാക്കി സുഖ-ശാന്തികളാൽ സമ്പന്നമാകൂ. ഒന്നാമതായി നമ്മൾ പരമാത്മാവിൽ നിന്നും അകന്നുപോയിരുന്നു. രണ്ടാമതായി, ദേഹാഭിമാനത്തിലും വന്നു. വികാരങ്ങൾ ചുറ്റിവളഞ്ഞു. ഇപ്പോൾ ബാബ പറയുന്നു, ശരി, കഴിഞ്ഞത് കഴിഞ്ഞു. അത് മറക്കൂ. എന്നിൽ നിന്നും വേർപെട്ടു, ഇതെല്ലാമുണ്ടായി. ഇനി എന്റെയടുത്ത് വരൂ, അർപ്പണമാകൂ. ആ ഓർമ്മയുടെ ശക്തിയിലൂടെ ബാബ നമ്മളോട് ക്ഷമിച്ച്, എല്ലാ പാപങ്ങളിൽ നിന്നും മുക്തമാക്കും. യോഗത്തിന്റെ അഗ്നിയിൽ ചെയ്തുപോയ മുഴുവൻ വികർമ്മങ്ങളും കത്തും. പിന്നെ ആത്മാവ് ശുദ്ധമായി മാറും. പാവനമാകുന്നതിലൂടെ മനസ്സും, വാക്കും, കർമ്മവും- ഇവ മൂന്നിലൂടെയും ശ്രേഷ്ഠ ആത്മാവായി മാറും. ബാബ നമ്മളോട് എത്ര ദയ കാണിച്ചിരിക്കുന്നു. അങ്ങനെയുള്ള മധുര-മധുരമായ ബാബയെ മുഴുവൻ ദിവസവും വീണ്ടും, വീണ്ടും, ലക്ഷക്കണക്കിന് തവണ ഓർമ്മിച്ചുകൊണ്ടിരിക്കണം. അതിലൂടെ, ആ ഒന്നിന്റെ ഓർമ്മയിലൂടെ നമ്മുടെ എല്ലാ കാര്യങ്ങളും സഹജവും സരളവുമാകട്ടെ. ആരെങ്കിലും എന്തെങ്കിലും തെറ്റ് ചെയ്തുവെങ്കിൽ നമ്മുടെ സ്നേഹം മുറിഞ്ഞുപോകുന്നു, പക്ഷെ ബാബയാകട്ടെ, ആരെങ്കിലും തെറ്റ് ചെയ്തുവെങ്കിൽ കൂടുതൽ ദയാഭാവത്തോടെ, സ്നേഹം നൽകി അവരെ പഠിപ്പിക്കുന്നു. തെറ്റ് നേരേയാകുന്നതെങ്ങനെ എന്ന് ശിക്ഷണം തരുന്നു. തെറ്റ് ചെയ്തവർക്ക് മാപ്പ് കൊടുക്കുവാൻ പാടില്ല എന്ന് ലോകർ പറയും. ചില പറയുന്നു- എനിക്ക് ഇവരോട് ദയ തോന്നുന്നില്ല, കാരണം, പാപം ചെയ്തു, ഇവർക്ക് ആര് സ്നേഹവും ബഹുമാനവും കൊടുക്കുവാനാണ്? സ്വയവും നൽകുകയില്ല, മറ്റുള്ളവരോടും അങ്ങനെ പറയുകയും

ചെയ്യും. എന്നാൽ ഈ ഒരേയൊരു ബാബ ഒരിക്കലും നമ്മളോട് അങ്ങനെ ചെയ്യുന്നില്ല. അങ്ങനെയുള്ള ബാബയോട് എത്ര മധുരമായ കാര്യങ്ങൾ സംസാരിക്കണം! ബാബ പറയുന്നു, ബാബയുമായി മധുരമായി സംസാരിക്കൂ എന്ന്. എന്താണ് സംസകാരിക്കേണ്ടത്? അത്രയും ഉയർന്ന കാര്യങ്ങൾ സംസാരിക്കുവാനുള്ള ബുദ്ധിശക്തിയുണ്ടോ? ആദ്യം സ്വയം ഹൃദയപൂർവ്വം റിയലൈസ് ചെയ്ത് തനിക്കുതന്നെ മാപ്പ് കൊടുക്കൂ. ഒന്നാണ് സ്വയം മാപ്പ് കൊടുക്കുക. രണ്ടാമത്തായി ഭഗവാനോട് മാപ്പ് ചോദിക്കുക. ആരോടുമായായണോ എന്തെങ്കിലുമൊക്കെ ഉണ്ടായത്, അവരോടും മാപ്പ് ചോദിക്കുക, എന്നെ സ്വതന്ത്രമാക്കൂ, ഞാൻ ഈ തെറ്റ് ചെയ്തു, എന്നോട് ക്ഷമിക്കൂ. ഞാൻ ചെറിയൊരു തെറ്റ് ചെയ്തു, അവരും ചെയ്തുവല്ലോ എന്നത് പാടില്ല, അതിലേയ്ക്ക് പോകരുത്. തന്റെയുള്ളിൽ നിറഞ്ഞിരിക്കുന്ന ദേഹാഭിമാനം കാരണം സ്വയം മാപ്പ് കൊടുക്കുന്നതും, മറ്റുള്ളവർക്ക് മാപ്പ് കൊടുക്കുന്നതും വളരെയധികം പ്രയാസമായി തോന്നുന്നു. സ്വയം നന്നായി തിരിച്ചറിയുന്നതും നടക്കുന്നില്ല. ഞാൻ അവരോട് എങ്ങനെ പെരുമാറി, അവർ എന്നോട് എങ്ങനെ പെരുമാറി എന്നതിന്റെ വിസ്താരത്തിൽ സമയം ചെലവഴിച്ചുകൊണ്ടിരിക്കും. ഇപ്പോൾ ജ്ഞാനത്തിന്റെ വിവേകത്തിലൂടെ നമ്മുടെ യോഗം പരമാത്മാവുമായി യോജിച്ചു. അതിനാൽ സ്വയം പരിവർത്തനപ്പെടണം. ഇതിനുവേണ്ടി ആ വിധം റിയലൈസേഷൻ ഉണ്ടാകണം, പിന്നീട് പശ്ചാത്തപിക്കേണ്ടി വരരുത്. പശ്ചാത്താപത്തിന്റെ നിമിഷങ്ങൾ നല്ലതായിരിക്കുകയില്ല. കാരണം, അശരീരിയായ പരമാത്മാപിതാ, സാകാരത്തിൽ ശരീരത്തിന്റെ ആധാരമെടുത്ത് നമുക്കു വേണ്ടി അച്ഛന്റെയും, ശിക്ഷകന്റെയും സത്ഗുരുവിന്റെയും, തോഴന്റെയും പ്രാക്ടിക്കൽ രൂപം ധാരണ ചെയ്ത് നമ്മെ പഠിപ്പിച്ചു, മുന്നറിയിപ്പുകളോടെ അറിവ് തന്നു. എല്ലാ രീതിയിലും ശിക്ഷണവും പാലനവും നൽകി. ബാബ പറയുന്നു– കുട്ടികളായ നിങ്ങൾ എന്റേതായ ശേഷം ഇനി അങ്ങനെയുള്ള കാര്യം ചെയ്യരുത്. പരമാത്മാപിതാ, സ്വയം അമ്മയായി ഓരോരോ ഗുണവും ധാരണ ചെയ്യിക്കുന്നതിന് എത്ര പുരുഷാർത്ഥം ചെയ്യിക്കുകയാണ്. ഇപ്പോൾ മറ്റുള്ളവരെ കുറ്റക്കാരാക്കുന്നു. എന്നാൽ ആ സമയത്താകട്ടെ, ആരെയും കുറപ്പെടുത്തുവാൻ കഴിയില്ല. അതിനാൽ അത് എന്റെ തെറ്റാണ്. ബാബ പറഞ്ഞിട്ടുണ്ട്, ആ സമയം സാക്ഷാത്കാരമുണ്ടാകും. നല്ലതാണ് ചെയ്തതെങ്കിൽ ബാബയുടെയും, വീടിന്റെയും, വൈകുണ്ഠത്തിന്റെയും സാക്ഷാത്കാരമുണ്ടാകും. ആ അന്തിമ നിമിഷങ്ങളിൽ പഴയ എല്ലാം സമാപ്തമാക്കി ഒന്നാമതായി ബാബയും, രണ്ടാമതായി മധുരമായ വീടും, മൂന്നാമതായി മധുരമായ രാജധാനിയുമല്ലാതെ മറ്റൊന്നും മുന്നിൽ വരരുത്. എന്നെ സംബന്ധിച്ച്, എല്ലാം കഴിഞ്ഞുപോയി, പാസ് ആയി. പാസ് വിത്ത് ഓണറിൽ വരുന്നതിന്റെ താത്പര്യം വരാൻ പോകുന്ന രാജധാനിയിൽ ആരാകുമെന്ന അനുഭവം ചെയ്യിച്ചു, കൂടെയുള്ളവർക്കും സാക്ഷാത്കാരം ഉണ്ടാകും.




10, ജൂലായ്, 2014
ശാന്തിവൻ

# അവ്യക്ത സന്ദേശം

**രുഗ്മിണി ദീദി**

ബാപ്ദാദയുടെയടുത്ത് ഇന്ന് വതനത്തിലേയ്ക്ക് ഭോഗുമായി പോയപ്പോൾ എല്ലാരുടെയും സ്നേഹം നിറഞ്ഞ, വിശേഷിച്ച് ഭട്ഠിയിൽ വന്നിരിക്കുന്ന സഹോദരിമാരുടെ സ്നേഹസ്മരണകൾ നൽകി. ബാബ മധുരമായ ദൃഷ്ടിയിലൂടെ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു– കുട്ടീ, ഇപ്പോൾ വിശേഷിച്ച് ഭട്ഠിയിൽ തപസ്സ് ചെയ്യുവാനും, തന്റെ ആദരിക്കലിനുമായി വന്നിരിക്കുകയാണ്. ബാബ ചോദിച്ചു– കുട്ടികളുടെ ആദരിക്കൽ എന്ന് പറയണമോ അതോ ബാബയുടെ ആദരിക്കൽ എന്ന് പറയണമോ? നിമിത്തമാത്രമായി കുട്ടികളുടെ ആദരിക്കലാണ്. കാരണം, കുട്ടികൾ വിശേഷ രൂപത്തിൽ ബാബയുടേതായി, ബാബയിൽ അർപ്പണമായി. അതിനാൽ ബാബയ്ക്ക് വളരെ സന്തോഷമുണ്ട്. കുട്ടികൾ ബാബയുടെ വിശേഷ ഭുജങ്ങളാണ്, അർപ്പണമായ വരാണ്. ആ രൂപത്തിൽ ആദരിക്കൽ ബാബയുടെ വീട്ടിൽ കുട്ടികൾക്ക് ഉണ്ടാകുന്നു. സാകാര രൂപത്തിൽ കുട്ടികളുടെ ആദരിക്കൽ നടക്കും. എന്നാൽ ഏറ്റവും വലിയ ആദരിക്കൽ നടത്തുന്നത് ബാബയാണ്. ഓരോരുത്തരെയും ഹൃദയം കൊണ്ട് ബാബ ആദരിക്കുന്നു. ബാബ കുട്ടികളെ എത്ര ഉയന്നവരാക്കി മാറ്റി. വിശേഷിച്ച് മനസ്സിൽ ഈ 3 ദിവസം അഖണ്ഡ ഓർമ്മയുടെ ദീപം ജ്വലിപ്പിക്കണം. ഇപ്പോൾ സമയമനുസരിച്ച് ശ്രേഷ്ഠസ്ഥിതി ഉണ്ടാക്കണം. മനസ്സിന്റെയുള്ളിൽ വിശേഷിച്ച് ഈ പുരുഷാർത്ഥം ചെയ്യണം. വിഘ്നവിനാശകരാകണം. നിശ്ചബുദ്ധിയായി ബാബയുടേതായിരിക്കണം. ഇങ്ങനെ ഭട്ഠിയുടെ ലക്ഷ്യം തന്നു. പിന്നെ ബാബയ്ക്ക് ഭോഗ് സമർപ്പിച്ചു. ആർക്ക് നിമിത്തമായി ഭോഗ് വച്ചുവോ, അവരെയും ബാബ എമർജ് ചെയ്തു, ഭോഗ് സ്വീകരിപ്പിച്ചു. പിന്നെ സ്നേഹസ്മരണകൾ സ്വീകരിച്ചുകൊണ്ട് താഴെ മടങ്ങി.

## ധർമ്മരാജപുരിയിലെ ശിക്ഷകളിൽ നിന്നും ഒഴിവാകുവാൻ................



*അവ്യക്ത ബാപ്ദാദ*

ചിന്തിച്ചു മനസ്സിലാക്കി കാര്യങ്ങൾ ചെയ്യൂ എന്ന് അജ്ഞാനകാലത്തിലും ചൊല്ലുണ്ട്. ആദ്യം ചിന്തിക്കൂ, പിന്നെ ചെയ്യുകയും പറയുകയും ചെയ്യൂ. ചിന്തിച്ച് മനസ്സിലാക്കി കർമ്മം ചെയ്യുമെങ്കിൽ വ്യർത്ഥ കർമ്മത്തിനു പകരം ഓരോ കർമ്മവും സമർത്ഥമാകും. കർമ്മത്തിനു മുമ്പേ ചിന്ത അതായത് സങ്കല്പം ഉത്പന്നമാകുന്നു. ഈ സങ്കല്പമാണ് ബീജം. ബീജം അതായത് സങ്കല്പം ശക്തമാണെങ്കിൽ വാക്കും കർമ്മവും സ്വതവേ തന്നെ ശക്തിശാലിയാകുന്നു. അതിനാൽ വർത്തമാന സമയത്തെ പുരുഷാർത്ഥത്തിൽ സങ്കല്പത്തെ ശക്തിശാലിയാക്കണം. സങ്കല്പമാണ് ജീവിതത്തിലെ ശ്രേഷ്ഠ ഖജനാവ്. ഖജനാവു കൊണ്ട് ആഗ്രഹിക്കുന്നതുപോലെ, ആഗ്രഹിക്കുന്നത്രയും പ്രാപ്തമാക്കുവാൻ കഴിയും. അതുപോലെ ശ്രേഷ്ഠ സങ്കല്പങ്ങളിലൂടെയാണ് സദാ കാലത്തെ ശ്രേഷ്ഠ പ്രാപ്തി നേടുവാൻ കഴിയുന്നത്. സദാ ചെറിയൊരു സ്ലോഗൻ സ്മൃതിയിൽ വയ്ക്കൂ– "ചിന്തിച്ചു മനസ്സിലാക്കി കാര്യം ചെയ്യുകയും പറയുകയും വേണം". അപ്പോൾ സദാ കാലത്തേയ്ക്ക് ജീവിതം ശ്രേഷ്ഠമാക്കുവാൻ കഴിയും. ധർമ്മരാജപുരിയിലെ ശിക്ഷകളിൽ നിന്നും രക്ഷപ്പെടുവാനും സാധിക്കും. ന്യായാധിപന്റെ കാര്യം എന്താണ്? ചിന്തിച്ചു മനസ്സിലാക്കി നിർണ്ണയം നൽകുക എന്നതാണ്. ഓരോ സങ്കല്പത്തിലും തന്റെ ന്യായാധിപനാകൂ. ഇതിലൂടെ സ്വർഗ്ഗത്തിലും വിശ്വമഹാരാജാവിന്റെ ശ്രേഷ്ഠ പദം പ്രാപ്തമാക്കുവാൻ കഴിയും.



## വീക്ഷണം

സാഹചര്യങ്ങൾ നമ്മളാൽ രചിക്കപ്പെട്ടവയാണ്. നമ്മുടെ കർമ്മങ്ങൾ നമ്മിലേയ്ക്ക് മടങ്ങി വരുമ്പോൾ അതിനെ നേരിടേണ്ടിവരിക തന്നെ ചെയ്യും. ഒന്നുകിൽ പുഞ്ചിരിച്ചുകൊണ്ട് നേരിടാം, അല്ലെങ്കിൽ വിലപിച്ചുകൊണ്ട്. വിലപിക്കുന്നതിലൂടെ അതനുഭവിക്കുന്നത് വർദ്ധിക്കുകയാണ്. അതിനാൽ സാഹചര്യങ്ങളെ തടയുവാൻ കഴിയില്ലെങ്കിൽ, അതിനോടുള്ള നമ്മുടെ വീക്ഷണം മാറ്റണം. ശരിയായ വീക്ഷണം സ്വായത്തമാക്കുക എന്നത് നമ്മുടെ നിയന്ത്രണത്തിലുള്ള കാര്യമാണ്.



# യോഗബലം

*അവ്യക്ത ബാപ്ദാദ*

ഒരു ആധാരത്തിന്റെയും മേൽ ആകരുത് ജീവിതത്തിന്റെ ആധാരം, അഥവാ പുരുഷാർത്ഥവും ഒരു ആധാരമനുസരിച്ചും ആകരുത്. അതിലൂടെ യോഗബലത്തിന്റെ ശക്തിയുടെ പ്രയോഗത്തിൽ കുറവുണ്ടാകുന്നു. യോഗബലത്തിന്റെ ശക്തിയുടെ പ്രയോഗം എത്ര ചെയ്യാതിരിക്കുന്നുവോ, അത്രയും ആ ശക്തി വർദ്ധിക്കുകയില്ല. യോഗബലം അഭ്യാസത്തിലൂടെ തീർച്ചയായും വർദ്ധിക്കുന്നു. ഏതെങ്കിലും കാര്യം മുന്നിൽ വരുമ്പോൾ സ്ഥൂല സാധനം ഉടൻ ശ്രദ്ധയിൽ വരുന്നില്ലേ. എന്നാൽ സ്ഥൂല സാധനങ്ങൾ ഉണ്ടായിരിക്കുമ്പോഴും യോഗബലത്തിന്റെ പരീക്ഷണം നടത്തൂ.

സയൻസിന്റെ യന്ത്രങ്ങൾ ഉപയോഗിച്ച് ദൂരെയുള്ള ദൃശ്യത്തെയും മുന്നിൽ അനുഭവമാക്കുന്നതുപോലെ സൈലൻസിന്റെ ശക്തി കൊണ്ടും അകലം സമാപ്തമാക്കി മുന്നിലാണെന്ന അനുഭവം താങ്കൾക്കുമുണ്ടാകും, അന്യ ആത്മാക്കൾക്കും ഉണ്ടാകും. ഇതിനെയാണ് യോഗബലം എന്ന് പറയുന്നത്. എന്നാൽ സയൻസിന്റെ സാധനങ്ങളുടെ യന്ത്രം പ്രവർത്തിക്കുന്നത് മുഖ്യ സ്റ്റേഷനുമായി കണക്ഷൻ ഉണ്ടായിരിക്കുമ്പോഴാണ്. അതുപോലെ സൈലൻസിന്റെ ശക്തിയിലൂടെയും അനുഭവം നേടുവാൻ കഴിയുന്നത് ബാപ്ദാദയുമായി നിരന്തരം ക്ലിയർ കണക്ഷൻ നേരിട്ട് ഉണ്ടാകുമ്പോഴാണ്. അവിടെ കണക്ഷൻ മാത്രമാണ്, എന്നാൽ ഇവിടെ കണക്ഷൻ എന്നാൽ റിലേഷൻ(ബന്ധം). എല്ലാം സ്പഷ്ടമായി അനുഭവമാകുമ്പോൾ മനസാ ശക്തിയുടെ പ്രത്യക്ഷ തെളിവ് കാണുവാൻ കഴിയും.

ഇപ്പോൾ യോഗബലത്തിലൂടെ ആത്മാക്കളെ ഉണർത്തുന്നതിന്റെ കർത്തവ്യം ചെയ്യൂ, തെളിവും കാണിയ്ക്കൂ. ബാപ്ദാദയിൽ നിന്നും പുരുഷാർത്ഥത്തിന്റെ പ്രത്യക്ഷ ഫലം പ്രാപ്തമാകുന്നതുപോലെ മറുപടിയായി പ്രത്യക്ഷ ഫലം കാണിയ്ക്കൂ, സർവ്വ ശക്തിവാനായ ബാബയുടെ പാലനത്തിന്റെ പ്രത്യക്ഷ സ്വരൂപം കാണിയ്ക്കൂ.


## സരളതയുടെ ധാരണ

സരളചിത്തരായവരിൽ മറ്റ് ദിവ്യഗുണങ്ങളുടെ ധാരണ വേഗത്തിലും സഹജമായും വരുന്നു. സരളത ധാരണ ചെയ്യുന്നതിന് ആരുടെയും കുറ്റങ്ങളോ അവഗുണങ്ങളോ മനസ്സിൽ ധാരണ ചെയ്യാതിരിക്കണം. കാരണം, അതിലൂടെ മനസ്സ് മലിനമാകുന്നു. പിന്നെ ചിത്തത്തിൽ സരളതയോ സ്വച്ഛതയോ ഉണ്ടായിരിക്കുകയില്ല. എത്ര സരളമായിരിക്കുന്നുവോ, ഭോലാനാഥനായ ബാബ നമ്മിൽ അത്രയും സംതൃപ്തമാകും, ബാബയിൽ നിന്നും ആശീർവ്വാദങ്ങളുടെ സഹായവും ലഭിക്കും.



# ഈർഷ്യ

മനസ്സിൽ ആരോടെങ്കിലും ഈർഷ്യയുടെയോ ദ്വേഷത്തിന്റെയോ ഭാവം ഉത്പന്നമാകുന്നുവെങ്കിൽ സന്തോഷം കുറയും. ഇങ്ങനെയുള്ള ഭാവങ്ങൾ ഉടലെടുക്കുന്നുവെങ്കിൽ അത് തന്റെ വീഴ്ചയുടെ അടയാളമായി കരുതണം. മഹാനതയുടെ അടയാളമാകട്ടെ, പരോപകാരം, ഹൃദയ വിശാലത, ചിത്തത്തിന്റെ ഉദാരത, മറ്റുള്ളവരോടുള്ള സദ്ഭാവന, മംഗളഭാവനതുടങ്ങിയവയാണ്. ലോകത്തിൽ ഓരോ ആത്മാവിനും തന്റേതായ അനാദി പാർട്ടുണ്ട്. മറ്റുള്ളവരോട് ഈർഷ്യയോ, ദ്വേഷമോ വയ്ക്കുന്നതിലൂടെ അവരുടെ പ്രാപ്തിയിൽ കുറവ് വരുന്നുമില്ല, തന്റെ പ്രാപ്തി വർദ്ധിക്കുന്നുമില്ല. മറിച്ച് തന്റെ ജീവിതത്തിൽ വീഴ്ച വരുന്നതുകാരണം തന്റെ പ്രാപ്തിയിൽ നഷ്ടം വരുകയാണ്. ഈർഷ്യ തോന്നുന്ന സമയത്തും മനസ്സ് അശാന്തമാകുന്നു, ആദ്ധ്യാത്മിക ഉന്നതി തടസ്സപ്പെടുന്നു, യോഗത്തിലും വിഘ്നം വരുന്നു. അതിനാൽ മറ്റുള്ളവരെ കാണുമ്പോൾ ചിന്തിക്കണം- ഞാനും എന്റെ പാർട്ട് എന്റെ പുരുഷാർത്ഥത്തിലൂടെ ഉയർന്നതാക്കാൻ ശ്രമിക്കണം. അതിനുവേണ്ടി സഹനശീലത്തോടെയും ക്ഷമയോടെയും കാര്യങ്ങൾ ചെയ്ത്, ആ വ്യക്തിയോടും മധുരതയോടെ പെരുമാറണം. മറ്റുള്ളവരുടെ ഉയർച്ച കണ്ട് നമ്മുടെ മനസ്സ് സന്തോഷിക്കുന്നുവെങ്കിൽ, മധുരമായി അവരോട് പെരുമാറുന്നുവെങ്കിൽ, തീർച്ചയായും ഈ വീക്ഷണം ഉന്നതിയിലേയ്ക്ക് കൊണ്ടുപോകുന്നതാണെന്ന് തെളിയും. മറ്റുള്ളവരോട് ഉരസലുകൾ ഉണ്ടാകുകയുമില്ല, ജീവിതത്തിൽ ക്ലേശങ്ങൾ വർദ്ധിക്കുകയുമില്ല. നമ്മുടെ ജീവിതത്തിൽ നിന്നും നമ്മൾ ഈർഷ്യയെ മാറ്റണം.




ശീതളതയും മാധുര്യവും ഓരോ പരിതസ്ഥിതിയിലും ശാന്തി നൽകുന്നു. ഉഷ്ണത്താൽ അസ്വസ്ഥനായിരിക്കുന്ന ഒരാൾക്ക് തണുത്ത ജലം കിട്ടുകയാണെങ്കിൽ, ദാഹിച്ചു മരിക്കാറായ ഒരാൾക്ക് ഒരു കൈക്കുമ്പിൽ വെള്ളം പോലും പ്രാണരക്ഷകവും, ശാന്തിദായകവുമാണ്. അതുപോലെ ശീതളതയും മാധുര്യവും ആരുടെ മനസ്സിലുണ്ടായിരിക്കുന്നുവോ, അവരുടെ മനസ്സിൽ ശാന്തിയുണ്ടായിരിക്കുക തന്നെ ചെയ്യും, മാത്രമല്ല, ആരോട് ഇടപഴകിയാലും അവർക്കും ശാന്തിയാകുന്ന ഗുണം നൽകുന്നു. തീ പിടിക്കുമ്പോൾ അഗ്നിശമനസേനയും വെള്ളത്തിന്റെ ടാങ്കുമാണ് ഉപയോഗത്തിൽ വരുന്നത്. അതുപോലെ ക്രോധമാകുന്ന അഗ്നി അണയ്ക്കുന്നതിനും, ശോകാകുലരും, ചിന്തകളാൽ വിഷമിക്കുന്നവരുമായവർക്ക് ശാന്തി പ്രദാനം ചെയ്യുന്നത് ശീതളതയും മാധുര്യവുമാകുന്ന ഗുണങ്ങളാണ്.
തേൻ ആകർഷകമാണ്. ലോകർ അതിന്റെ സ്വാദെടുക്കുവാൻ ആഗ്രഹിക്കുന്നു. അതിന്റെ രസവും ശക്തിയുമെടുത്ത് ആനന്ദിക്കുവാൻ അതിലേയ്ക്ക് ആകർഷിക്കപ്പെട്ട് പോകുന്നു. അതുപോലെ മാധുര്യവും ആകർഷകമാണ്. ലോകർ മധുരവാക്കുകൾ കേൾക്കുന്നതിൽ തത്പരരാണ്. കാരണം, അതിലൂടെയും അവർക്ക് സുഖം ലഭിക്കുന്നു. അതിനാൽ ശിവബാബ പറയുന്നു, മധുരമാകൂ, പാലും പഞ്ചസാരയും പോലെയിരിക്കൂ എന്ന്. കാരണം, മാധുര്യമാണ് ഏകതയും സ്നേഹവും കൊണ്ടു വരുന്നത്. ഏകതയും സ്നേഹവുമാണ് ശാന്തിയും സുഖവും കൊണ്ടു വരുന്നത്. മാധുര്യവും ശീതളതയുമില്ലാത്തിടത്ത് വഴക്കുകളും കലഹങ്ങളും ഉണ്ടായിക്കൊണ്ടിരിക്കും. ആ വീട്ടിലെ വെള്ളത്തിന്റെ കുടം പോലും വറ്റിപ്പോകും. കാരണം, ക്രോധത്തിന്റെയും വെറുപ്പിന്റെയും തീ സദാ കത്തിക്കൊണ്ടിരിക്കുന്നു.
നമ്മൾ ഒരു ഈശ്വരീയ കുലത്തിലേതാണ്. ഈശ്വരൻ സ്നേഹസാഗരമാണ്. നമ്മളും സ്നേഹത്തോടെ, ഒരു കുടുംബത്തിലെ സഹോദരങ്ങളെപ്പോലെ വളരെ സ്നേഹയുക്തമായി പെരുമാറണം. ലോകർ ഹിന്ദു-മുസ്ലീം, സിഖ്-കൃസ്ത്യാനി, എല്ലാം അന്യോന്യം സഹോദരങ്ങളാണ് എന്ന് പറയുന്നു. എന്നാൽ ഈ സഹോദരങ്ങളുടെ അച്ഛൻ ആര് എന്ന് അറിയാത്തതു കാരണം പരസ്പരം വെറുക്കുന്നു, ക്രോധത്തിന്റെ ദൃഷ്ടിയോടെ നോക്കുന്നു. ഒരു പിതാവിന്റേതെന്ന് മനസ്സിലാക്കുമ്പോൾ സഹോദര ബന്ധം യോജിക്കുന്നു.
ബാബ പറയുന്നു-ദുഃഖം കൊടുക്കുന്നതും ദുഃഖമെടുക്കുന്നതും അവസാനിപ്പിക്കൂ. ഇല്ലെങ്കിൽ, ആരാണോ മറ്റുള്ളവരെ ദുഃഖിപ്പിക്കുന്നത്, അവർ ദുഃഖിച്ച് മരിക്കും. അതിനാൽ പാരുഷ്യം പാടില്ല. മറിച്ച്, വാക്കുകളിൽ മാധുര്യം നിറയ്ക്കൂ. ശിവബാബ നമ്മൾ ആത്മാക്കളെ മധുരമായ കുട്ടികളേ, മധുരമായ കുട്ടികളേ എന്ന് ശബ്ദങ്ങളാൽ വിളിക്കുകയും, നമ്മുടെ വാക്കുകളിൽ മാധുര്യവും അമൃതും നിറഞ്ഞിരിക്കുന്നതിനു പകരം വിഷം നിറഞ്ഞിരിക്കുകയുമാണെങ്കിൽ അത് അവജ്ഞാകാരികളുടെയും കുപുത്രരുടെയും ലക്ഷണമാണ്.

*ബി.കെ ജഗദീഷ് ചന്ദർ*

